## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2015** **14-10-2024 - ൽ മറുപടിയ്ക്ക്**

### കാലാവസ്ഥാ വ്യതിയാന പഠനസ്ഥാപനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ പ്രകൃതിദുരന്തത്തിന്റെ അനുഭവത്തിൽ നിന്നും സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാന പഠനസ്ഥാപനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ കോട്ടയത്ത് പ്രവർത്തിക്കുന്ന കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തെ കാലാവസ്ഥാ വ്യതിയാന പഠനങ്ങളുടെയും വിവര ശേഖരണത്തിന്റെയും നോഡൽ ഏജൻസിയായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പ്രാരംഭ നടപടി എന്ന നിലയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്, കുസാറ്റ്, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ബന്ധപ്പെട്ട വകുപ്പുകൾ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലേയും ബന്ധപ്പെട്ട വിവിധ ഗവേഷണ സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞർ എന്നിവരുടെ ഒരു യോഗം കൂടുകയുണ്ടായി. 08.10.2024-ൽ ഭൗമശാസ്ത്ര മേഖലയിലെയും കാലാവസ്ഥാ വ്യതിയാന പഠന മേഖലയിലെയും വിദഗ്ദരെ ഉൾപ്പെടുത്തി **"Role of Science and Technology in landslide management in Kerala"** എന്ന വിഷയത്തെ ആസ്പദമാക്കി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സംഘടിപ്പിച്ച കോൺക്ലേവിൽ രൂപംകൊണ്ട ആശയങ്ങൾ നടപ്പിലാക്കുന്നതിന് കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിന് വേണ്ടി കേന്ദ്ര സർക്കാർ ഏജൻസിയുടെ സഹായം ലഭിക്കുന്നതിന് സംസ്ഥാനം എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ? | (ബി) | വടക്കൻ കേരളത്തിൽ ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് Doppler Weather Radar Station സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിന് ആവശ്യമായ ധനസഹായം ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് വഹിക്കുന്നതാണ്. കൂടാതെ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ സഹായം |

| | | | |
|---|---|---|---|
| | | | അഭ്യർത്ഥിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ